LIBRARY ARCHIVES Kerala Legislative Assembly

കെ.എസ് എഫ്.ഇ. പുതിയ ബ്രാഞ്ച് അനുവദിക്കൽ

124 (1854) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ.-യുടെ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നത്തിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

സാധ്യതാപഠനങ്ങളുടെ അടിസ്ഥാനത്തിലാണ് കെ.എസ്.എഫ്.ഇ. പുതിയ ശാഖകൾ ആരംഭിക്കുന്നത്. തൊട്ടടുത്ത ശാഖയിൽ നിന്നുള്ള ദൂരം, നിർദ്ദിഷ്ട സ്ഥലത്തിന്റെ പ്രാധാന്യം, ജനസംഖ്യ, പ്രദേശവാസികളുടെ പ്രധാന വരുമാന സ്രോതസ്സ്, അവിടെ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം, തത്തുല്യ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, ശാഖയുടെ പ്രവർത്തനത്തിന് ആവശ്യമായ കെട്ടിടത്തിന്റെ ലഭ്യത, സബ് രജിസ്ട്രാർ ഓഫീസ്, ട്രഷറി ഓഫീസ് എന്നിവയുടെ സാന്നിദ്ധ്യം എന്നിവയ്ക്ക് പുറമെ ബിസിനസ്സ് സാദ്ധ്യത തുടങ്ങിയ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്.

പെരിയയിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച്

125 (1855) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.എഫ്.ഇ. പുതുതായി എത്ര ബ്രാഞ്ചുകൾ തുടങ്ങാനാണ് തീരുമാനിച്ചിരുന്നത്?

കെ.എസ്.എഫ്.ഇ.-യുടെ 100 പുതിയ ബ്രാഞ്ചുകൾ തുടങ്ങാനാണ് തീരുമാനിച്ചിരുന്നത്.

(ബി) ഇവ തുടങ്ങാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

അതിൽ 36 ബ്രാഞ്ചുകൾ നാളിതുവരെ തുടങ്ങാനായിട്ടുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ സെൻട്രൽ യൂണിവേഴ്സിറ്റിയടക്കമുള്ള വിവിധ സ്ഥാപനങ്ങളുള്ള പെരിയയിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ?

പെരിയയിൽ ബ്രാഞ്ച് തുടങ്ങാൻ ഉദ്ദേശിച്ചിരുന്നു.

(ഡി) ഈ ബ്രാഞ്ച് ഇതുവരെ തുടങ്ങിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.